"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കൊല്ലം ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും (CMDRF) ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.287/2026/DMD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. കൊല്ലം ജില്ലാ കളക്ടറുടെ 11.03.2025, 20.09.2025, 24.06.2025 തീയതിയിലെ DCKLM/7109/2025-DM3 നമ്പർ കത്തുകളും 11/03/2025,26/03/2025,18/04/2025,14/07/2025,11/11/2025 തീയതികളിലെ DCKLM/2146/2024-N നമ്പർ കത്തുകളും
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 15.09.2025, 19.06.2026 തീയതിയിലെ LR/6031/2025-LR(H2) നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2023, 2024ലെ പ്രകൃതി ക്ഷോഭത്തിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് ഗുണഭോക്താക്കൾക്ക് എൽ ആർ ഡി പോർട്ടൽ മുഖേന നഷ്ടപരിഹാരം നൽകുന്നതിനായി 6,99,99,000/- കോടി രൂപയുടെയും പരാമർശം (1) (2) പ്രകാരം 2021 മുതലുള്ള പ്രകൃതി ക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF വിഹിതമായ 2,87,20,200/- രൂപയുടെയും ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും ശുപാർശസമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024, 2025 എന്നീ വർഷങ്ങളിൽ പ്രകൃതി ക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ധനസഹായം അനുവദിക്കുന്നതിനായി 2245-02-113-99 Repair to Damaged Houses എന്ന ശീർഷകത്തിൽ നിന്നും 6,99,99,000/- (ആറ് കോടി തൊണ്ണൂറ്റൊമ്പത് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരം രൂപ മാത്രം.) രൂപയും, 2021 മുതലുള്ള പ്രകൃതി ക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF വിഹിതമായി നൽകുവാനുള്ള 2,87,20,200/- രൂപയും(രണ്ട് കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി ഇരുനൂറ് രൂപ മാത്രം.) കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(3) ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും തുക കൊല്ലം ജില്ലാ കളക്ടർക്കു അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക കൊല്ലം ജില്ലാ

കളക്ടർക്കു അനുവദിക്കുന്നതിനുള്ള നടപടി റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(4) നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനാറാണി ജി.എസ്സ്.
അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ,തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം,തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്- സി) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (DMA3/160/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Manu S
Date: 07-07-2026 14:27:13
സെക്ഷൻ ഓഫീസർ